**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** | **07-10-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലെ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മാനന്തവാടി താലൂക്കിലെ കരിമ്പിൽ, അമ്പുകുത്തി പ്രദേശങ്ങളിലെ 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വെച്ച് വന്നിരുന്ന , സംയുക്ത പരിശോധനയിൽ അംഗീകരിച്ച , മാനന്തവാടി താലൂക്കിലെ 406 അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഏത് വകുപ്പിന്റെ കൈവശമാണ് ഉള്ളത്; | (ബി) | വനം-റവന്യൂ വകുപ്പുകളിൽ |
| (സി) | പട്ടയം നൽകുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാൻ ഉള്ളത് ;വ്യക്തമാക്കുമോ? | (സി) | സംയുക്ത പരിശോധനയിൽ അംഗീകരിച്ച അപേക്ഷകളിൽ വനംവകുപ്പിൽ നിന്ന് സ്കെച്ച് ഒപ്പ് വെച്ച് ലഭിച്ചിട്ടില്ല. 30.09.2021 നകം സ്കെച്ച് ഒപ്പ് വെച്ച് നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. വനം വകുപ്പ് പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് സ്കെച്ച് റിവൈസ് ചെയ്യാനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് ഒപ്പ് വെച്ച സ്കെച്ച് ലഭ്യമാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്പ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ